**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2992** **13-10-2021 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ സ്വന്തം ചലച്ചിത്ര മേളയായ തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി സ്ഥാപിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥലം കണ്ടെത്തിയെങ്കിലും അന്താരാഷ്ട്ര ചലച്ചിത്രമേള സംഘടിപ്പിക്കുന്നതിനുള്ള അസൗകര്യങ്ങൾ പരിഗണിച്ച് പ്രസ്തുത കോംപ്ലക്സിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുവാൻ തീരുമാനിച്ചു. തുടർന്ന് അനുയോജ്യമായ സ്ഥലം തിരുവനന്തപുരത്തു തന്നെ കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| (ബി) | ഈ വർഷത്തെ ചലച്ചിത്ര മേള തിരുവനന്തപുരത്ത് തന്നെ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പിനുള്ള മുന്നൊരുക്കങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഈ വർഷത്തെ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ തീയതിയും നടത്തിപ്പും സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ മേളയിലേയ്ക്കുള്ള സിനിമകളുടെ തെരഞ്ഞെടുപ്പിനായി ജൂറിയെ നിശ്ചയിക്കുകയും സെലക്ഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ